നാടക, വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം

37 (7334) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടക, വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2010 മുതൽ 642 പ്രൊഫഷണൽ നാടക കലാകാരന്മാർക്കും 2012 മുതൽ 196 വാദ്യ കലാകാരന്മാർക്കും ഇൻഷ്വറൻസ് മെഡിക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 3 വർഷത്തേക്കാണ്.

(ബി) രോഗാവസ്ഥയിലും അപകടത്തിലും പെടുന്ന കലാകാരന്മാരുടെ ചികിത്സയ്ക്ക് ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) സ്പോൺസർഷിപ്പു മുഖേനയാണ് ധനം സമാഹരിക്കുന്നത്. പ്രൊഫഷണൽ നാടക കലാകാരൻമാർക്കുള്ള പ്രീമിയം തുക പ്രശസ്ത സിനിമാതാരങ്ങളായ മമ്മൂട്ടിയും മോഹൻലാലും വാദ്യ കലാകാരന്മാർക്കുള്ള പ്രീമിയം തുക മറുനാടൻ വ്യവസായിയായ ഡോ. ബി. ആർ. ഷെട്ടിയുമാണ് നൽകിയിരിക്കുന്നത്.

(ഡി) ഓരോ വർഷവും രോഗചികിത്സയ്ക്കും അപകടങ്ങൾക്കും ഒരു ലക്ഷം രൂപ ചികിത്സാ സഹായം, അപകടത്തിൽ മരിക്കുന്ന കലാകാരന്റെ കുടുംബത്തിന് ഒരുലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ, രോഗാവസ്ഥയിൽ ആഴ്ചയിൽ 1,000 രൂപ വീതം 10 ആഴ്ചയും, അപകടങ്ങൾക്ക് ആഴ്ചയിൽ 1,000 രൂപ വീതം 100 ആഴ്ചയും ഇടക്കാലാശ്വാസം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് മെഡിക്ലെയിം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ നാടക കലാകാരന്മാർക്ക് 1,18,328 രൂപയും വാദ്യകലാകാരന്മാർക്ക് 91,186 രൂപയും ഇൻഷ്വറൻസ് ക്ലെയിമായും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly